പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.4222

20-03-2018 ൽ മറുപടിയ്ക്ക്

## ഹജ്ജ് തീർത്ഥാടകർക്കുള്ള പദ്ധതികൾ

| ചോദ്യം<br>**ശ്രീ. ആന്റണി ജോൺ** | മറുപടി<br>**ഡോ. കെ. ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)** |
|---|---|
| എ) ഹജ്ജ് തീർത്ഥാടകർക്കായി സംസ്ഥാന സർക്കാർ എന്തൊക്കെ സഹായങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ; | എ) ഹജ്ജ് അപേക്ഷ സമർപ്പണം മുതൽ ഹജ്ജ് പുറപ്പെടുന്നതുവരെ എല്ലാവിധ സാങ്കേതിക സഹായങ്ങളും സർക്കാർ ഭാഗത്ത് നിന്നും ലഭ്യമാക്കുന്നുണ്ട്. ഹജ്ജ് അപേക്ഷകൾ ഓൺലൈൻ വഴി ചെയ്യുന്നതിന് സർക്കാറിന്റെ കീഴിലുള്ള അക്ഷയ കേന്ദ്രങ്ങൾ വഴി സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഹജ്ജ് യാത്ര പുറപ്പെടുന്നതിന് മുമ്പായി ഹാജിമാർക്ക് മൂന്ന് ഘട്ടങ്ങളിലായി പരിശീലനങ്ങൾ നൽകുന്നതിന് സർക്കാർ സംവിധാനങ്ങളിലുള്ള ഓഡിറ്റോറിയങ്ങളും കോൺഫറൻസ് ഹാളുകളും സൗജന്യമായും കുറഞ്ഞ നിരക്കിലും ലഭ്യമാക്കാറുണ്ട്. കേരള സംസ്ഥാന ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ എല്ലാ സർക്കാർ ആശുപത്രികളിലും നിന്നും ഹജ്ജ് തീർത്ഥാടകർക്ക് ഓറൽ പോളി വാക്സിനേഷനും, പ്രതിരോധ കുത്തിവെപ്പും ആരോഗ്യപരിപാലനത്തിൽ ശ്രദ്ധക്കേണ്ട കാര്യങ്ങളെക്കുറിച്ചും ജില്ലാ മെഡിക്കൽ ഓഫീസർമാരുടെയും വിദഗ്ധ ഡോക്ടർമാരുടെയും നിർദ്ദേശങ്ങളും ഹജ്ജ് തീർത്ഥാടകർക്ക് ലഭ്യമാക്കുന്നുണ്ട്. ഹജ്ജ് തീർത്ഥാടകർ യാത്ര പുറപ്പെടുന്ന വേളയിൽ ഹജ്ജ് ക്യാമ്പിലെ മുഴുവൻ സേവനങ്ങളും സംസ്ഥാന ഹജ്ജ് കമ്മിറ്റി ഒരുക്കി നൽകുന്നത് സംസ്ഥാന സർക്കാറിന്റെ പൂർണ്ണ സഹായത്തോടെയാണ്. ക്യാമ്പിന്റെ സുഗമമായ പ്രവർത്തനത്തിനും വിവിധ വകുപ്പുകളുമായി ഏകോപനം നടത്തുന്നതിനും, |

ക്യാമ്പിലെ ഹജ്ജ് സെല്ലിലേക്ക് ആവശ്യമായ സർക്കാർ ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുകയും ചെയ്യുന്നു. കൂടാതെ ഹജ്ജ് യാത്രാ വേളയിൽ ഹാജിമാരെ സൗദി അറേബ്യയിൽ സഹായിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ മുസ്ലിം സമുദായത്തിലെ ജീവനക്കാരിൽ നിന്ന് ഹജ്ജ് വോളണ്ടിയർമാരായി അയക്കാറുണ്ട്. സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ ദൈന ദിന പ്രവർത്തനങ്ങൾക്കായി സർക്കാർ ഗ്രാന്റ് ഇൻ എയ്ഡും അനുവദിക്കാറുണ്ട്.

ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഹജ്ജ് തീർത്ഥാടകർക്കായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

ബി) ഹജ്ജ് ക്യാമ്പിലെ ഹജ്ജ് സെല്ലിലേക്കും, സൗദി അറേബ്യയിൽ ഹാജിമാരെ സഹായിക്കുന്നതിനും സർക്കാർ ജീവനക്കാരെ ആവശ്യാനുസരണം താൽക്കാലികമായി നിയമിക്കുന്നുണ്ട്. ഹജ്ജ് കമ്മിറ്റിയുടെ സുഗമമായ പ്രവർത്തനത്തിന് ഗ്രാന്റ് ഇൻ എയ്ഡ് അനുവദിക്കുന്നുണ്ട്.

സി) ഹജ്ജ് തീർത്ഥാടകർക്കായി പുതിയ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സി) ഹാജിമാർക്ക് വിപുലമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് നിലവിലുള്ള കെട്ടിടങ്ങൾ അറ്റകുറ്റപ്പണികൾ ചെയ്യുന്നതോടൊപ്പം പുതിയ സൗകര്യപ്രദമായ കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ